(ഇ) ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർമാരുടെ ഒഴിവുകൾ സംസ്ഥാനത്ത് ഉണ്ടെങ്കിൽ അവ രേഖാമൂലം പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ നിലവിലില്ല.

(ബി) 1991-നുശേഷം നേരിട്ട് നിയമനം നടത്തിയിട്ടില്ല.

(സി) ടി തസ്തികയിലേക്ക് ട്രാൻസ്ഫർ മുഖേനയും നേരിട്ടും നിയമനം നടത്തുന്നുണ്ട്. ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിനു ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദമാണ് യോഗ്യത.

നേരിട്ടുള്ള നിയമനത്തിന് ടി യോഗ്യത കൂടാതെ താഴെപ്പറയുന്ന യോഗ്യതകൾ കൂടി അനിവാര്യമാണ്:

(1) ഒരു സർക്കാർ പബ്ലിസിറ്റി ഓർഗനൈസേഷനിലോ, പബ്ലിസിറ്റി വകുപ്പിലോ, സ്വകാര്യ സ്ഥാപനങ്ങളിലോ, ദിനപത്രങ്ങളിലേയോ ന്യൂസ് ഏജൻസികളിലേയോ എഡിറ്റോറിയൽ സ്റ്റാഫിലോ, പബ്ലിസിറ്റി ഓഫീസർ/പബ്ലിക് റിലേഷൻസ് ഓഫീസർ/ഇൻഫർമേഷൻ ഓഫീസർ/ഇൻഫർമേഷൻ അസിസ്റ്റന്റ്/എഡിറ്റർ/എഡിറ്റോറിയൽ അസിസ്റ്റന്റ് ആയോ പ്രചരണ സാമഗ്രികൾക്കും പുസ്തകങ്ങൾക്കും വേണ്ടി ലഘുലേഖകളും ഫീച്ചറുകളും തയ്യാറാക്കുന്നതിൽ മൂന്നു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

(2) ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്കും തിരിച്ചും, തർജ്ജമചെയ്യുന്നതിനും, പ്രസ് ബുള്ളറ്റിനുകൾ, പ്രസ് പബ്ലിസിറ്റി ഹാൻഡ്-ഔട്ട്സ്, സ്ക്രൂട്ടിനി, ന്യൂസ് പേപ്പറുകൾ എന്നിവ തയ്യാറാക്കുന്നതിനും ഉള്ള കഴിവ്.

(ഡി) നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല.

(ഇ) ബാധകമല്ല.

അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള കേരളീയരെ സംബന്ധിക്കുന്ന ഡാറ്റാ ബേയ്സ്

155 [5138] ഡോക്ടർ തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള കേരളീയരെ സംബന്ധിക്കുന്ന എന്തൊക്കെ വിവരങ്ങളാണ് നോർക്ക വകുപ്പിന്റെ കൈവശവും റൂട്ട്സ് എൻ.ആർ.കെ. യുടെ കൈവശവുമുള്ളതെന്ന് വിശദമാക്കുമോ;

(ബി) വിദേശ രാജ്യങ്ങളിലും അന്യസംസ്ഥാനങ്ങളിലുമുള്ള കേരളീയരെ സംബന്ധിക്കുന്ന വിപുലമായ ഒരു ഡാറ്റാ ബേയ്സ് ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുമുള്ള കേരളീയരെ സംബന്ധിക്കുന്ന വിശദമായ ഒരു ഡാറ്റാ ബേയ്സ് നോർക്ക വകുപ്പിലോ അതിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സിലോ നിലവിലില്ല. എന്നാൽ കേരളത്തിൽ നിന്നും വിദേശത്തേയ്ക്കുള്ള കുടിയേറ്റം, മടങ്ങിവരവ്, സൃഷ്ടിച്ച പ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ച് തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് സർക്കാരിന്റെ സഹായത്തോടെ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. കൂടാതെ വിദേശ രാജ്യങ്ങളിലും ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിലുമുള്ള കേരളീയരുടെ ചില സംഘടനകളെ സംബന്ധിക്കുന്ന വിവരങ്ങളും നോർക്ക വകുപ്പിൽ ലഭ്യമാണ്.

പ്രവാസി മലയാളികളെ സംബന്ധിച്ച് ഒരു വിശദമായ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പൊതുമാപ്പ് ലഭിച്ച് മടങ്ങിയെത്തിയവരുടെ പുനരധിവാസം

156. [5139] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമാപ്പ് ലഭിച്ച എത്രപേർ സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനകം മടങ്ങിയെത്തിയിട്ടുണ്ട്;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ്;

(ഡി) ഇതിനായി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) പൊതുമാപ്പ് ലഭിച്ച് മടങ്ങിയെത്തിയവരെക്കുറിച്ചുള്ള പ്രത്യേക കണക്ക് ശേഖരിച്ചിട്ടില്ല.

(സി—ഇ) മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുവാനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. എന്നാൽ അവർക്ക് സർക്കാരിന്റെ കീഴിലുള്ള ഇതര ഏജൻസികളുമായി ബന്ധപ്പെട്ട് ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ഹ്രസ്വകാല പരിശീലന പദ്ധതികൾ തയ്യാറാക്കുന്നതാണ്.

വിദേശ മലയാളികളുടെ മുതൽമുടക്കിന് സർക്കാർ ഗ്യാരണ്ടി

157 [5140] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾ സംസ്ഥാനത്തെ വിവിധ പ്രോജക്റ്റുകളിൽ മുതൽമുടക്കാൻ തയ്യാറായി വരുമ്പോൾ അവരുടെ മുതൽമുടക്കിന് സർക്കാർ ഗ്യാരണ്ടിയും അവർക്ക് പ്രോത്സാഹനവും നൽകാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly